# Deepika

## 9 August 2018

## Kerala, Heavy Rain, Dams are Filling Up

### ഇടമലയാർ രാവിലെ അഞ്ചിനു തുറക്കും കക്കിയും ഇന്നു തുറക്കും

# മഴ

# ഡാമുകൾ നിറയുന്നു

കാലവർഷം കനത്തതോടെ സംസ്ഥാനത്തെ കൂടുതൽ ജലസംഭരണികൾ തുറക്കുന്നു. ഇടമലയാർ അണക്കെട്ട് ഇന്നു രാവിലെ അഞ്ചിനു തുറക്കും. പമ്പയിലെ കക്കിഡാമും ഇന്നു തുറക്കുന്നു. ഷോളയാർ, പെരിങ്ങൽകുത്ത് എന്നിവ തുറന്നു വിട്ടിരുന്നു.

ഇടമലയാർ തുറക്കുന്നതോടെ പെരിയാറിലെ ജലനിരപ്പ് ഒന്നര മീറ്റർവരെ ഉയരും. കക്കി തുറക്കുന്നത് ഇനിയും പ്രളയജലം ഇറങ്ങാത്ത കുട്ടനാടിനെ വീണ്ടും ദുരിതത്തിലാക്കും. പെരിങ്ങൽകുത്ത് തുറന്നിരിക്കുന്നതിനാൽ ചാലക്കുടിപ്പുഴയിൽ ജലനിരപ്പ് കൂടി. വെള്ളമൊഴുക്ക് കൂടിയതിനാൽ തുറന്നിരിക്കുന്ന മലമ്പുഴ ഡാമിന്റെ ഷട്ടറുകൾ വീണ്ടും ഉയർത്തി.

ഇടുക്കി അണക്കെട്ടിലെ ജലനിരപ്പിൽ വൻ വർധനയാണ്. ഇന്നലെ രാത്രി പത്തിന് അണക്കെട്ടിലെ ജലനിരപ്പ് സമുദ്ര നിരപ്പിൽ നിന്നും 2397.50 അടിയിലെത്തി. ഇടമലയാർ അണക്കെട്ട് തുറക്കേണ്ടി വരുന്ന സാഹചര്യത്തിൽ 2398 അടിയിൽ നിർണയിച്ചിരുന്ന ഇടുക്കിയുടെ ട്രയൽ റൺ സാഹചര്യം വിലയിരുത്തി മാത്രം നടത്തിയാൽ മതിയെന്നും ദുരന്ത നിവാരണ അഥോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. പൊതുജനങ്ങളെ അറിയിച്ചു മാത്രമേ ട്രയൽ റൺ നടത്തുകയുള്ളു എന്നും ദുരന്ത നിവാരണ അഥോറിറ്റി അറിയിച്ചു.

ഇടമലയാർ അണക്കെട്ട് രാവിലെ ആറിനു തുറക്കാനായിരുന്നു നേരത്തെ തീരുമാനിച്ചത്. കനത്ത മഴയേത്തുടർന്ന് ജലവിതാനം ഉയരുന്ന പശ്ചാത്തലത്തിലാണ് അഞ്ചിനു തുറക്കുന്നത്.

ഇടമലയാർ അണക്കെട്ടിലെ ജലനിരപ്പ് 168.72 പിന്നിട്ട സാഹചര്യത്തിൽ ഇന്നലെ രാവിലെ അതിജാഗ്രതാ നിർദേശമായ റെഡ് അലർട്ട് പുറപ്പെടുവിച്ചിരുന്നു. അണക്കെട്ടിലെ സംഭരണശേഷി 169 മീറ്ററാണ്.ആകെയുള്ള നാലു ഷട്ടറുകളിൽ രണ്ടെണ്ണം 80 സെന്റിമീറ്റർ ഉയരത്തിലാണു തുറക്കുക. സെക്കൻഡിൽ 164 ഘന മീറ്റർ (1,64,000 ലിറ്റർ) വെള്ളം പെരിയാറിലേക്ക് ഒഴുക്കും. ഇതുമൂലം പെരിയാറിൽ ഒന്നര മീറ്റർ വരെ ജലനിരപ്പുയർന്നേക്കും. ഷട്ടറുകൾ തുറന്നാൽ ഒരു മണിക്കൂറിനകം വെള്ളം കുട്ടമ്പുഴയിലെത്തും. ഭൂതത്താൻകെട്ടിൽ ഒന്നര മണിക്കൂറിലും പെരുമ്പാവൂർ, കാലടി മേഖലയിൽ നാല് മണിക്കൂറിനകവും ആലുവ മേഖലയിൽ ആറുമണിക്കൂറിനകവും വെള്ളം എത്തും. അണക്കെട്ട് ഇതിനുമുമ്പു തുറന്നതു 2013ലാണ്. അന്ന് സെക്കൻഡിൽ 900 ഘന മീറ്റർ ജലം ഒഴുക്കിയിരുന്നു.

കക്കിയിലെ ജലനിരപ്പ് ഇന്നലെ 980.90 മീറ്റർ കടന്നിരുന്നു. സംഭരണിയുടെ പരമാവധി സംഭരണശേഷി 981.46 മീറ്ററാണ്. മഴ വീണ്ടും ശക്തമായി നീരൊഴുക്ക് ശക്തിപ്പെട്ടതോടെ അതീവ ജാഗ്രതാ നിർദേശം (മൂന്നാംഘട്ട റെഡ് അലർട്ട്) പുറപ്പെടുവിച്ചതായി പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചു. ഷട്ടറുകൾ തുറക്കുന്നതോടെ അധികജലം പമ്പ, കക്കി ആറുകളിലൂടെയാണ് എത്തുന്നത്. പദ്ധതി പ്രദേശത്തുള്ള മഴയുടെയും നീരൊഴുക്കിന്റെയും അടിസ്ഥാനത്തിൽ സെക്കൻഡിൽ 154 ക്യുബിക് മീറ്റർ എന്ന തോതിൽ ജലം ഒഴുക്കിവിടുമെന്നാണ് അറിയിപ്പ്. ഇതുമൂലം കക്കി, പമ്പ നദിയിലെ ജലനിരപ്പ് ഒന്നര മീറ്ററോളം ഉയരാൻ സാധ്യതയുണ്ട്.

### തോരാമഴ മൂന്നാംവട്ടം

ജൂൺ ഏഴുമുതൽ 15 വരെയും ജൂലൈ ഏഴു മുതൽ 21 വരെയും സംസ്ഥാനത്തു തോരാമഴ പെയ്തിരുന്നു. ജൂണിലെ തോരാമഴയിൽ 35.55 സെന്റിമീറ്റർ മഴയാണു സംസ്ഥാനത്തു മൊത്തം ലഭിച്ചത്. ജൂലൈയിൽ രണ്ടാഴ്ച നീണ്ട തോരാമഴക്കാലത്ത് 61.97 സെന്റി മീറ്റർ മഴ കിട്ടി. ഇതുവരെ 150.81 സെന്റി മീറ്റർ മഴയാണു സംസ്ഥാനത്തു ലഭിച്ചത്. ഓഗസ്റ്റ് ഏഴിനാരംഭിച്ച തോരാമഴ 24 മണിക്കൂർ പിന്നിട്ടപ്പോൾ 5.85 സെന്റി മീറ്റർ മഴ കിട്ടി. ഇത് ഈ തീയതിയിൽ ശരാശരി കിട്ടുന്നതിന്റെ 316 ശതമാനം അധികമാണ്.

### ഇടുക്കിയിലെ ജലനിരപ്പ്

രാവിലെ ആറ് 2396.58 അടി
എട്ട് 2396.68
ഒമ്പത് 2396.74
പത്ത് 2396.80
പതിനൊന്ന് 2396.86
പന്ത്രണ്ട് 2396.90
ഉച്ചയ്ക്കുശേഷംഒന്ന് 2396.96
രണ്ട് 2397.02
വൈകുന്നേരം മൂന്ന് 2397.04
നാല് 2397.14
അഞ്ച് 2397.18
ആറ് 2397.20.
രാത്രി ഏഴ് 2397.28
എട്ട് 2397.36
ഒമ്പത് 2397.46
പത്ത് 2397.50

പേജ് 7
കുട്ടനാട്:
കാർഷിക കടങ്ങൾക്ക് ഒരു വർഷത്തെ മോറട്ടോറിയം

പേജ് 10
ശമ്പളം 17 മുതൽ, ബോണസ് 4,000 രൂപ, ഉത്സവബത്ത 2750 രൂപ